# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26

PANCHAYAT HIGHER SECONDARY SCHOOL ELAPPARA

Knowledge is Power

## ഗവൺമെന്റ് ഹൈസ്കൂൾ
## ഏലപ്പാറ



Scanned with OKEN Scanner

# ആമുഖം

പരിഷ്കൃതസമൂഹത്തിലേയ്ക്കുള്ളകാൽവെപ്പുകളിൽഒന്നാണ്ചിട്ടയായ അധ്യായനം അക്ഷരങ്ങളിലൂടെ അിറവാകുന്ന പൂന്തോപ്പിലെ മധുനുകരുമ്പോൾ ഓരോ മനുഷ്യ ജീവിതവുംസാർത്ഥകമാവുന്നു. പഠനങ്ങളിലൂടെ മനനങ്ങളിലൂടെയും പുതുചിന്തകളുംകാഴ്ച്ചപ്പാടുകളുംതീർത്തുതന്നെയാണ് മനുഷ്യരാശിഎന്നും മുന്നേറിയിട്ടുള്ളത്വ്യവസ്ഥാപിതമായഒരുസമൂഹംകെട്ടിപ്പെടുക്കുവാൻ ഓരോവ്യക്തിയുംഅറിവ് നേടേണ്ടതായിട്ടുണ്ട്.ഇതിലൂടെ മാത്രമേസമഗ്ര രാഷ്ട്ര പുരോഗതിഎന്ന സങ്കൽപം സാധ്യമാവു.ലോവർപ്രൈമറി ക്ലാസ്സുകൾ മുതൽതന്നെ ആസൂത്രണങ്ങളിലൂടെയുംകൃത്യമായ പഠനത്തിലൂടെ നേടേണ്ടമൂല്യങ്ങൾ നേടുകയുംഒപ്പംനൈപുണികൾവികസിപ്പിച്ച്സ്വതന്ത്രചിന്താശേഷിയും,ആവിഷ്കാരസ്വാതന്ത്രവും, പൗരബോധവുംമുള്ളതലമുറകൾ സൃഷ്ടിക്കപ്പെടുമ്പോഴാണ് രാഷ്ട്രപുരോഗതി സാധ്യതമാവുന്നത്.ദിശാബോധമുള്ള ഇന്നത്തെ സർക്കാരിന്റെ നേതൃപാടവും, ക്രിയാശേഷിയും, അർപ്പണ ബോധവും,കൃത്യതയുംമേൽപ്രസ്താവിച്ച രാഷ്ട്രസങ്കല്പ്പങ്ങളെ സാധൂകരിക്കുന്നു.

മാറുന്ന കാലഘട്ടത്തിൽ അധ്യയനവും ഉടച്ചുവർക്കുന്നത് ഇത്തരം പുതുസങ്കല്പ്പങ്ങളെ ഉൾക്കൊള്ളുവാൻ വേണ്ടിയാകുന്നുവിദ്യാർത്ഥികളെ മുൻവിധികളോടുകൂടിദർശിക്കാതെഅവരിൽരൂപപ്പെടുത്തേണ്ടഅറിവ് നിർമ്മാണങ്ങൾഘട്ടംഘട്ടമായിരൂപപ്പെടുത്തുകയാണ് ഇന്നത്തെ വിദ്യാഭ്യാസകാഴ്ച്ചപ്പാട്. ആയതിനാൽകുട്ടിയുടെസർവോന്മുകമായപുരോഗതിയാണ്സമഗ്ര ഗുണമേന്മാവിദ്യാലയവികസന പദ്ധതി വിഭാവനം ചെയ്യുന്നത്.ഇതിലൂടെഓരോ പൊതുവിദ്യാലയവുംമികവിന്റെകേന്ദ്രങ്ങളായിമാറുന്നു ക്ലാസ്സ്മുറികൾക്കകത്തും പുറത്തുംകുട്ടികൾ പ്രയോഗാത്മകമായ അധ്യായന അന്തരീക്ഷംആസ്വദിക്കുന്നു.

ബഹു.കേരളാഗവൺമെന്റ്വിദ്യാഭ്യാസവകുപ്പിന്റെഅഭിമുഖ്യത്തിന്റെ ത്രിതലപഞ്ചായത്തുകൾ എസ്.സി.ഇ.ആർ.റ്റി,വിദ്യാഭ്യാസഗവേഷക പ്രവർത്തകർ മാറ്റു സന്നദ്ധസംഘടനകൾ എന്നിവരുമായിചേർന്നുകൊണ്ട്രക്ഷിതാക്കളേകൂടിപദ്ധതികളിൽ ഉൾപ്പെടുത്തിയാണ്ഇത്തരംസമഗ്ര പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇത്തരം പ്രവർത്തങ്ങളിലൂടെ നാടിന്റെതന്നെ മുഖഛായമാറ്റിയെഴുതപെടുന്നു. നിലവിൽസർക്കാർകോടികണക്കിന് രൂപയാണ്ഇത്തരം പദ്ധതികൾക്കായി മാറ്റിവെച്ചിരിക്കുന്നത്.

Scanned with OKEN Scanner

Scanned with OKEN Scanner

## വിദ്യാലയത്തിന്റെ നാൾ വഴികൾ.......

ഏലപ്പാറ എന്ന മലയോര ഗ്രാമത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ സ്കൂൾ എന്നും നാടിന്റെ വികസന സങ്കൽപ്പങ്ങൾക്ക് ഒരു അടിസ്ഥാന ഘടകമായി വർദ്ധിക്കുന്നു. എല്ലാ തരത്തിലും സാമ്പത്തികമായും സാമൂഹികമായും സാംസ്കാരകമായും പിന്നിട്ടു നിന്ന ഒരു കാലഘട്ടം ഈ നാടിന് ഉണ്ടായിരുന്നു. തോട്ടം മേഘലകളിലെ തൊഴിലാളികളിൽ 99 ശതമാനവും നിരക്ഷരരായിരുന്നു. സ്കൂളിൽ പോകുക എന്നത് അവർക്ക് ഒരു സ്വപ്നം പോലുമായിരുന്നില്ല. കാവക്കുളം എസ്റ്റേറ്റ് ഉടമയായിരുന്ന മിസ്സിസ് പാർക്കർ ആണ് പീരുമേട് താലൂക്കിൽ തോട്ടം തൊഴിലാളികൾക്കായി ആദ്യം സ്കൂൾ ആരംഭിച്ചത്. തമിഴായിരുന്നു ഇവിടുത്തെ പഠന മാധ്യമം. തമിഴിൽ എഴുതാനും വായിക്കാനും അത്യാവശ്യം കണക്കുകൂട്ടാനും ഇവിടെ പഠിപ്പിച്ചു. എകാധ്യാപക വിദ്യാലയമായിരുന്നു ഇത്. പിന്നീട് ബോണാമിയിലും ഇത്തരമൊരു സ്കൂൾ ആരംഭിച്ചു. ഇമ്മേ എന്ന മാനേജർ ആണ് ഇതിന് മുൻകൈയെടുത്തത്. കാലക്രമേണ താലൂക്കിലെ മിക്കവാറും എല്ലാ എസ്റ്റേറ്റുകളിലും ഏകാദ്ധ്യാപക പ്രൈമറി വിദ്യാലയങ്ങൾ ആരംഭിച്ചു. പിന്നീടാണ് കുറച്ചുകൂടി മെച്ചപ്പെട്ട എസ്റ്റേറ്റ് സ്കൂളുകൾ ആരംഭിക്കുന്നത്. അങ്ങനെ പാർക്കർ മദാമ്മ തുടക്കമിട്ട ഏകാധ്യാപക വിദ്യാലയങ്ങളെ പിൻപറ്റിയാണ് പ്രദേശത്തെ ഇന്നത്തെ വിദ്യാലയങ്ങളുടെ ചരിത്രം ആരംഭിക്കുന്നത്.

1952 ൽ തോട്ടം തൊഴിലാളിരംഗത്ത് നിയമനിർമ്മാണ നടപടികൾ ആരംഭിച്ചതിനുശേഷം എസ്റ്റേറ്റുകളിൽ ലോവർ പ്രൈമറി തലത്തിൽ എസ്റ്റേറ്റ് സ്കൂളുകൾ ആരംഭിച്ചു. ഇതും മിക്കവാറും ഏകാദ്ധ്യാപക വിദ്യാലയങ്ങളായിരുന്നു. ഇങ്ങനെ ആരംഭിച്ച ആദ്യ സ്കൂൾ ടൈഫോർഡ് എസ്റ്റേറ്റ് എൽ.പി.എസ് ആണ്. അത് ഇപ്പോൾ എയ്ഡഡ് സ്കൂളായി പ്രവർത്തിക്കുന്നു. ആദ്യം ആരംഭിച്ച സർക്കാർ സ്കൂൾ ഏലപ്പാറ ഗവ. എൽ. പി. എസ്. ആണ്. 1952 ജൂലൈയിലാണ് ഇതാരംഭിച്ചത്. പീന്നിട് ഈ സ്കൂൾ യു. പി. സ്കൂളായി ഉയർത്തി. ആദ്യമാരംഭിച്ച ഹൈസ്കൂൾ എന്ന പ്രാധാന്യമാണ് നമ്മുടെ ഏലപ്പാറ പഞ്ചായത്ത് ഹൈസ്കൂളിനുള്ളത്. ഈ പ്രദോശത്തുള്ളവർക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇല്ല എന്ന പോരായ്മ മറികടക്കാൻ 1964 ൽ സ്കൂൾ ആരംഭിച്ചു. അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് പി.ഡി. മാത്യുവിന്റെ ശ്രമഫലമായിട്ടാണ് സ്കൂൾ യാഥാർത്ഥ്യമായത്. 2004 ൽ സ്കൂൾ ഹയർ സെക്കൻഡറിയായി ഉയർത്തപ്പെട്ടു.

ഇന്ന് ഈ വിദ്യാലയം ഏലപ്പാറ എന്ന കൊച്ചു ഗ്രാമത്തിന്റെ തിലകക്കുറിയായി മാറിയിരിക്കുകയാണ്. അദ്ധ്യായനത്തിലും കലാ മത്സരങ്ങളിലും വിവിധ സ്പോർട്ട്സ് - ഗെയിംസ് വിഭാഗങ്ങളിലും സബ്ജില്ലാ ജില്ലാ തലത്തിൽ മികച്ച പ്രകടനമാണ് നാളിതുവരെ കാഴ്ച്ചവെച്ചു വരുന്നത്.

Scanned with OKEN Scanner

Scanned with OKEN Scanner

# സ്കൂൾ പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | പഞ്ചായത്ത് ഹൈസ്കൂൾ ഏലപ്പാറ |
| സ്കൂൾ കോഡ് | 30027 |
| UDISE | 32090600210 |
| റവന്യൂ ജില്ല | ഇടുക്കി |
| വിദ്യാഭ്യാസ ജില്ല | കട്ടപ്പന |
| വിദ്യാഭ്യാസ ഉപജില്ല | പീരുമേട് |
| BRC | പീരുമേട് |
| ക്ലസ്റ്റർ സെന്റർ | പീരുമേട് |
| പാർലമെന്റ് മണ്ഡലം | ഇടുക്കി |
| നിയമസഭ മണ്ഡലം | പീരുമേട് |
| താലൂക്ക് | പീരുമേട് |
| ബ്ലോക്ക് | അഴുത |
| പഞ്ചായത്ത് | ഏലപ്പാറ |
| വില്ലേജ് | ഏലപ്പാറ |
| വാർഡ് | 12 |
| ഫോൺ | 04869 242329 |
| ഇമെയിൽ | phsselappara@gmail.com |
| പ്രഥമ അദ്ധ്യാപകൻ | ഹസീന ബീഗം പി കെ |
| സീനിയർ അസിസ്റ്റന്റ് | സുജാത വി |

Scanned with OKEN Scanner

Scanned with OKEN Scanner

## അധ്യാപകരും വിഷയങ്ങളും

| | |
|---|---|
| മലയാളം | ഹസീന ബീഗം പി കെ |
| തമിഴ് | റജികുമാർ റ്റി |
| ഇംഗ്ലീഷ് | ബ്യൂല മെർലിൻ |
| ഹിന്ദി | സോളി എബ്രഹാം |
| സയൻസ് | സുജാത വി<br>രജനി ഡി |
| സോഷ്യൽ സയൻസ് | മണികണ്ഠൻ റ്റി<br>ജിജോ വി ജെ |
| ഗണിതം | പ്രദീഷ് പി സി<br>ഷാജഹാൻ വി |

Scanned with OKEN Scanner

Scanned with OKEN Scanner

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവന ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളു അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനു അവസരമൊരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ , പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരു ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക , അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതര മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

Scanned with OKEN Scanner

- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ /വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക
- മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

Scanned with OKEN Scanner

# <u>പ്രശ്നങ്ങൾ, വെല്ലുവിളികൾ</u>

## അക്കാദമികം

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. റിസോഴ്സ് അധ്യാപകരുടെ കുറവ്.
3. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
4. 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
5. ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
6. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.
7. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.
8. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
9. പഠനപ്രക്രിയ പൂർണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
10. ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാവുന്നില്ല.
11. കുട്ടികൾക്കാവശ്യമായ ഗൈഡ്‌ലൈൻസ്/കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയമായ മാർഗങ്ങളുടെ അഭാവം.
12. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ് പ്രവർത്തനങ്ങൾ മാറുന്നില്ല.
13. വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.
14. കലാ- സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാവുന്നില്ല.

## ഭൗതികം

1. റിസോഴ്സ് റൂമുകളുടെ അഭാവം.
2. ഭൂമിശാസ്ത്രപരമായ ഘടന.
3. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
4. ടോയ്‌ലെറ്റുകൾ വൃത്തിയായി സൂക്ഷിക്കാൻ കഴിയുന്നില്ല.
5. പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിലെത്തുന്നു.
6. കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല
7. ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.
8. വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ , സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.

Scanned with OKEN Scanner

2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയ
പരിരക്ഷയെ കുറിച്ച് ധാരണയില്ല.
3. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ
നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം
ഉറപ്പാക്കുന്നില്ല.
4. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്. എം. സി
എസ്. എം .ഡി .സി, പി.ടി.എ എന്നീ സ്ഥാപനങ്ങളുടെ സാധ്യതകൾ
വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
5. പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹാ
വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
6. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട്
രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
7. കലാ-കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ
ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ
സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

Scanned with OKEN Scanner

# മലയാളം

Scanned with OKEN Scanner

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

## പി.എച്ച്.എസ്.എസ്. ഏലപ്പാറ

## മലയാളം

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ:

## ലക്ഷ്യങ്ങൾ

1)ഭാഷാപരമായ ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുക (സംസാരം, കേൾവി, വായന, എഴുത്ത്).

2)മലയാള സാഹിത്യത്തോടും സംസ്കാരത്തോടും അഭിരുചി വളർത്തുക.

3)വ്യാകരണ നിയമങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ നൽകുക.

4)സർഗാത്മകമായ എഴുത്ത് പ്രോത്സാഹിപ്പിക്കുക.

5)പരീക്ഷകളിൽ മികച്ച വിജയം നേടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

## പഠന തന്ത്രങ്ങൾ

1)തുടർച്ചയായ വായന: പാഠപുസ്തകങ്ങൾക്ക് പുറമെ മലയാളം പുസ്തകങ്ങളും ദിനപത്രങ്ങളും ആനുകാലികങ്ങളും വായിക്കാൻ പ്രോത്സാഹിപ്പിക്കുക.

2)പദസമ്പത്ത് വർദ്ധിപ്പിക്കുക: പുതിയ വാക്കുകൾ പഠിക്കാനും അവ വാക്യങ്ങളിൽ ഉപയോഗിക്കാനും പ്രോത്സാഹിപ്പിക്കുക.

3)എഴുത്ത് പരിശീലനം: എല്ലാ ദിവസവും കുറഞ്ഞത് 15-20 മിനിറ്റെങ്കിലും മലയാളം എഴുതാൻ പരിശീലിക്കുക.

4)സംശയനിവാരണം: സംശയങ്ങൾ ഉടനടി ചോദിച്ച് മനസ്സിലാക്കുക.

5)സ്വയം വിലയിരുത്തൽ: പഠിച്ച കാര്യങ്ങൾ സ്വയം വിലയിരുത്താനും തെറ്റുകൾ തിരുത്താനും ശ്രമിക്കുക.

6)സാങ്കേതിക വിദ്യയുടെ ഉപയോഗം: മലയാളം പഠനത്തിനായി ലഭ്യമായ ഓൺലൈൻ വിഭവങ്ങൾ,ഡിക്ഷണറികൾ,

## ക്ലാസ് 9:

1)ഭാഷാപരമായ ധാരണയും പ്രയോഗവും വികസിപ്പിക്കൽ.

2)പാഠഭാഗങ്ങൾ: കൂടുതൽ സങ്കീർണ്ണമായ സാഹിത്യരൂപങ്ങൾ. ചെറുകഥകൾ, കവിതകൾ, നാടകങ്ങൾ, യാത്രാവിവരണങ്ങൾ എന്നിവ.

3)വ്യാകരണം: സന്ധി, സമാസം, പ്രത്യയം, ഭേദകങ്ങൾ, സകർമ്മക-അകർമ്മക ക്രിയകൾ, പ്രയോഗങ്ങൾ (കർമ്മണി, കർത്തരി).

4)വായന: വിമർശനാത്മകമായ വായന. പാഠഭാഗങ്ങളിലെ ആശയങ്ങൾ വിശകലനം ചെയ്യാനുള്ള കഴിവ്.

5)എഴുത്ത്: ഉപന്യാസ രചന, ആസ്വാദനം, ലഘുജീവചരിത്രങ്ങൾ, പ്രസംഗങ്ങൾ തയ്യാറാക്കൽ. ചോദ്യോത്തരങ്ങൾ കൂടുതൽ വിശദമായി എഴുതാൻ പഠിക്കുക.

6)സംസാരം: പൊതുവായ വിഷയങ്ങളിൽ അഭിപ്രായം പറയാൻ പ്രോത്സാഹിപ്പിക്കുക. ചെറിയ പ്രസംഗങ്ങൾ അവതരിപ്പിക്കുക.

### പ്രവർത്തനങ്ങൾ:

1) സാഹിത്യ ക്വിസ്സുകൾ.

2)ചെറിയ നാടകാവതരണങ്ങൾ.

3)എഴുത്തു മത്സരങ്ങൾ (ഉപന്യാസം, കഥ, കവിത).

4)പ്രസംഗ പരിശീലനം.

5)വായനാ പക്ഷാചരണം.

Scanned with OKEN Scanner

## ക്ലാസ് 10:

1)ആഴത്തിലുള്ള പഠനവും പരീക്ഷാ തയ്യാറെടുപ്പും

2)പാഠഭാഗങ്ങൾ: ഉയർന്ന നിലവാരമുള്ള സാഹിത്യകൃതികൾ. ക്ലാസിക് കവിതകൾ, നോവലിന്റെ ഭാഗങ്ങൾ, പ്രശസ്തമായ ലേഖനങ്ങൾ, പ്രഭാഷണങ്ങൾ.

3)വ്യാകരണം: വാക്യശുദ്ധി, ശൈലികൾ, പഴഞ്ചൊല്ലുകൾ, തർജ്ജമ, നിഘണ്ടു ഉപയോഗിക്കാനുള്ള കഴിവ്.

4)വായന: വ്യത്യസ്ത ശൈലികളിലുള്ള എഴുത്തുകൾ വായിച്ച് വിശകലനം ചെയ്യാനുള്ള കഴിവ്.

5)എഴുത്ത്: വിപുലമായ ഉപന്യാസ രചന, ആസ്വാദനക്കുറിപ്പുകൾ, നിരൂപണങ്ങൾ, സംഗ്രഹിക്കൽ, താരതമ്യം ചെയ്യൽ. ബോർഡ് പരീക്ഷയുടെ മാതൃകയിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതാൻ പരിശീലനം.

6)സംസാരം: ചർച്ചകളിൽ ഫലപ്രദമായി ഇടപെടുക. അവതരണങ്ങൾ നടത്തുക.

### പ്രവർത്തനങ്ങൾ:

1)പരീക്ഷാ മാതൃകയിലുള്ള മോക്ക് ടെസ്റ്റുകൾ.

2) മുൻവർഷങ്ങളിലെ ചോദ്യപേപ്പറുകൾ വിശകലനം ചെയ്യൽ.

3)ഗ്രൂപ്പ് ചർച്ചകളും പ്രോജക്ടുകളും.

4)പ്രമുഖ എഴുത്തുകാരുടെ കൃതികളെക്കുറിച്ചുള്ള പഠനം.

5)സൃഷ്ടിപരമായ രചനകൾക്ക് പ്രോത്സാഹനം നൽകുക.

Scanned with OKEN Scanner

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം- കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്റ്റ്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ- വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

Scanned with OKEN Scanner

## മേഖല - ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടികളെ മികച്ച എഴുത്തുകാരാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ.<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ - ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

Scanned with OKEN Scanner

# हिंदी

Scanned with OKEN Scanner

Scanned with OKEN Scanner

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓ അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓ ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം ജൂൺ – ജൂലൈ |
| ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം ജൂൺ – ജൂലൈ |



Scanned with OKEN Scanner

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. ✓ | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. ✓ കവിത, കഥ പുരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ - നവംബർ |

**പത്താംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. ✓ | ഹ്രസ്വം ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |



Scanned with OKEN Scanner

# தமிழ்

Scanned with OKEN Scanner

Scanned with OKEN Scanner

# ACADEMIC MASTER PLAN (H S TAMIL)

| கற்றல் இலக்குகள் | செயல்பாடுகள் | பொறுப்பு | கால அளவு | பொருளாதாரம் |
|---|---|---|---|---|
| 1) 8, 9, 10 ஆகிய வகுப்புகளில் படிக்கின்ற அனைத்து மாணவர்களும் அனைத்து வகையான செயல்பாட்டு வடிவங்களையும் முழுமையாக தெரிந்து கொள்ளுதல் | அனைத்து வகையான குறிப்புகள், கட்டுரைகள், கடித வடிவங்கள், சுவரொட்டி, சுற்றறிக்கை, அறிவிப்பு, துண்டுப்பிரசுரம், தலையங்கம், விமர்சனம், தன்விவரப்பட்டியல், வாழ்க்கைக் குறிப்பு போன்ற செயல்பாட்டு வடிவங்களைப் பயிற்சி செய்தல். 8, 9, 10 ஆகிய மூன்று வகுப்புகளிலும் ஒரு பிரிவேளை வீதம் ஒதுக்கி இச்செயல்பாடுகளை எழுத பயிற்சி வழங்குதல் | தமிழ் ஆசிரியர் பெற்றோர் மாணவர்கள் | ஆண்டு முழுவதும் | |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 2) அவையில் பேசவும் கருத்துகளைப் பகிரவும் தேவையான திறன்களை வளர்த்தல் | பள்ளி காலைக் கூட்டங்கள் நடத்துதல், மாதம் ஒரு முறை இலக்கிய மன்றக் கூட்டங்கள் நடத்துதல், பள்ளிக் கலை விழாக்கள், தமிழ்ச் சங்கப் போட்டிகள் போன்றவற்றில் பங்கேற்க பயிற்சி வழங்குதல். | தமிழ் ஆசிரியர் பெற்றோர் மாணவர்கள் | ஆண்டு முழுவதும் | பள்ளிக்கூடம், பெற்றோர் |
| 3) பெரியோர்களையும் எழுத்தாளர்களையும் பேட்டி காணும் திறன் வளர்த்தல். | தமிழ் எழுத்தாளர்களை பள்ளியில் வரச் செய்து மாணவர்களிடம் கலந்துரையாடும் வாய்ப்பு ஏற்படுத்துதல். நேர்காணல் நடத்துதல். | தமிழ் ஆசிரியர் பெற்றோர் மாணவர்கள் | முதல் பருவம் | பள்ளிக்கூடம் |
| 4) இயற்கை பாதுகாப்பு விழிப்புணர்வு செயல்பாடுகளில் ஈடுபடுதல் | பள்ளிக் காலைக் கூட்டங்கள் நடத்துதல். கூட்டத்தில் உறுதிமொழி ஏற்கச் செய்தல். விழிப்புணர்வு முகாம்கள் நடத்துதல். வகுப்பறைகளையும் பள்ளி வளாகத்தையும் சுத்தமாகப் பராமரித்தல். செடிகளையும் மரக்கன்றுகளையும் நடச்செய்தல். பராமரிக்கச் செய்தல். | பசுமை மன்றம் அனைத்து ஆசிரியர்கள் மாணவர்கள் | ஆண்டு முழுவதும் | பள்ளிக்கூடம் |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 5) மாணவர்களின் படைப்பாற்றல் திறன்களை வளர்த்தல் | அனைத்து வகுப்புகளிலும் எழுத்தாற்றல் திறன் கொண்ட மாணவர்கள் தங்கள் படைப்புகளை எழுதித் தரச் செய்தல். மாணவர்களின் படைப்புகளைத் தொகுத்து ஆண்டு மலர் வெளியிடுதல். | தமிழ் ஆசிரியர் மாணவர்கள் | மூன்றாம் பருவம் | பள்ளிக்கூடம் |
| 6) போதைக்கு எதிரான விழிப்புணர்வு செயல்பாடுகளில் ஈடுபடுதல் | பள்ளிக் காலைக் கூட்டத்தில் உறுதிமொழி எடுத்தல். விளையாட்டுப் போட்டிகளை நடத்தி விளையாட்டில் மாணவர்களை ஈடுபடுத்துதல். போதை விழிப்புணர்வுப் பேரணிகள் நடத்துதல். | அனைத்து ஆசிரியர்கள் மாணவர்கள் | ஆண்டு முழுவதும் | பள்ளிக்கூடம் |



Scanned with OKEN Scanner

# English

Scanned with OKEN Scanner

Scanned with OKEN Scanner

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം -മേഖല:English

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| Ineffective teaching | • Classes in the target language for teachers.<br>• Workshop for teachers by language experts.<br>• Workshop for teachers on teaching learning materials. | 2025-26 | | language club |
| Defective pronounciation | • Audio video clippings on correct pronounciation.<br>• Classes on phonetics by experts.<br>• Language lab<br>• ICT facilites<br>• Video clippings<br>• Readers theatre | 2025-26 | | " |
| Lack of communication skill | • Dramatisation of stories and enacting them.<br>• Conducting debates and seminars.<br>• Conducting english fest<br>• Theatre workshop<br>• Language lab<br>• Formation of english club.<br>• English assembly.<br>• English chatting through skype,messenger etc.<br>• Developing translation skills. | 2025-26 | | "" |
| Addressing slow pace learners. | • TM and TLM addressing the slow pace learners.<br>• Special coaching classes for slow pace learners.<br>• Conducting action research on slow pace learners. | 2025-26 | | " |
| Support to gifted | • Special coaching classes using language experts. | 2025-26 | | " |

Scanned with OKEN Scanner

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| children. | • Introducing English library.<br>• English book exhibition.<br>• Classes on creative writing.<br>• Magazines created by children.Digital library | 2025-26 | | Teachers |
| Insufficient vocabulary | • Word games<br>• Word study using computers<br>• spelling contests<br>• making cross word puzzles<br>• Dictionary making using the words of the text book. | | | Teachers and students |
| Deffective sentence pattern | • Making sentence cards.<br>• Using sentence cards in class room.<br>• Correct sentence structure with ICT facilities.(conversations)<br>• Publishing magazines in english.<br>• Publishing printed magazines.<br>• English bulletin.<br>• Playing equipments for learning english.<br>• Writing Blog. | 2025-26 | | " |
| Illegible hand writing | • Writing with ICT facilities<br>• Peer group learning<br>• English diary.<br>• English pen friends. | 2025-26 | | " |
| | | | | |

Scanned with OKEN Scanner

Scanned with OKEN Scanner

# Mathematics

Scanned with OKEN Scanner

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

## പി.എച്ച്.എസ്.എസ്. ഏലപ്പാറ

## ഗണിതശാസ്ത്രം

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## പഠന ലക്ഷ്യങ്ങൾ

1)ഗണിതശാസ്ത്രപരമായ ചിന്തയും പ്രശ്നപരിഹാര ശേഷിയും വളർത്തുക.

2)അമൂർത്തമായ ആശയങ്ങൾ മനസ്സിലാക്കാനും പ്രായോഗിക സാഹചര്യങ്ങളിൽ പ്രയോഗിക്കാനും പഠിപ്പിക്കുക.

3)യുക്തിസഹമായ നിഗമനങ്ങളിൽ എത്താനും ഗണിതപരമായ തെളിവുകൾ നിരത്താനും പരിശീലിപ്പിക്കുക.

4)ഗണിതശാസ്ത്ര പഠനത്തിൽ താല്പര്യവും ആത്മവിശ്വാസവും വളർത്തുക.

5)ഉയർന്ന ക്ലാസുകളിലെ ഗണിത പഠനത്തിന് ശക്തമായ അടിത്തറ പാകുക.

## പഠന തന്ത്രങ്ങൾ

1)അടിസ്ഥാന ആശയങ്ങൾ: ഓരോ ക്ലാസിലെയും അടിസ്ഥാന ആശയങ്ങളിൽ വ്യക്തമായ ധാരണ ഉറപ്പാക്കുക. സംശയങ്ങൾ അപ്പപ്പോൾ പരിഹരിക്കുക.

2)തുടർച്ചയായ പരിശീലനം: ഗണിതം പരിശീലനത്തിലൂടെ മാത്രം സ്വായത്തമാക്കാൻ കഴിയുന്ന വിഷയമാണ്. ദിവസേനയുള്ള പരിശീലനം നിർബന്ധമാക്കുക.

3)പ്രശ്നപരിഹാരം: വ്യത്യസ്ത തരം പ്രശ്നങ്ങൾ പരിഹരിച്ച് പരിചയം നേടുക.

4)ഗ്രൂപ്പ് പഠനം: കൂട്ടായി പഠിക്കുന്നത് ആശയങ്ങൾ കൂടുതൽ വ്യക്തമാക്കാൻ സഹായിക്കുക.

5)അധ്യാപകരുമായി സംവദിക്കുക: സംശയങ്ങൾ ചോദിക്കാനും മാർഗ്ഗനിർദ്ദേശം തേടാനും പ്രാപ്തരാക്കുക.

6)സിലബസ് മനസ്സിലാക്കുക: ഓരോ ക്ലാസിലെയും സിലബസ് നന്നായി മനസ്സിലാക്കി പഠനം ക്രമീകരിക്കുവാൻ പ്രാപ്തരാക്കുക.ഗണിതശാസ്ത്ര പഠനത്തിൽ ഒരു വ്യക്തമായ ദിശാബോധം നൽകുകയും, മികച്ച വിജയം നേടുന്നതിന് സഹായിക്കുക

Scanned with OKEN Scanner

## ക്ലാസ് 8:

### പഠന ലക്ഷ്യങ്ങൾ

1)അടിസ്ഥാന ഗണിത ആശയങ്ങൾ ദൃഢമാക്കുക.

2)ബീജഗണിതം, ജ്യാമിതി, സ്ഥിതിവിവരക്കണക്കുകൾ എന്നിവയുടെ പ്രാഥമിക ആശയങ്ങൾ പരിചയപ്പെടുത്തുക.

3)ഗണിതപരമായ പ്രശ്നങ്ങൾ ലളിതമായ രീതിയിൽ വിശകലനം ചെയ്യാനുള്ള കഴിവ് വളർത്തുക.

### പഠന തന്ത്രങ്ങൾ

1)ഓരോ ആശയവും ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുക.

2)പ്രശ്നപരിഹാരത്തിന് കൂടുതൽ ഊന്നൽ നൽകുക.

3)കളികളിലൂടെയും പ്രായോഗിക പ്രവർത്തനങ്ങളിലൂടെയും ഗണിത ആശയങ്ങൾ അവതരിപ്പിക്കുക.

## ക്ലാസ് 9:

### പഠന ലക്ഷ്യങ്ങൾ

1) അടിസ്ഥാന ഗണിത ആശയങ്ങളുടെ കൂടുതൽ ആഴത്തിലുള്ള പഠനം.

2)ബീജഗണിതം, ജ്യാമിതി, നിർദ്ദേശാങ്ക ജ്യാമിതി എന്നിവയിൽ പുതിയ ആശയങ്ങൾ പരിചയപ്പെടുത്തുക.

3)തെളിവുകൾ നിരത്തുന്നതിനും ഗണിതപരമായ വാദങ്ങൾ രൂപീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുക.

### പഠന തന്ത്രങ്ങൾ

1)ഗണിതപരമായ തെളിവുകൾക്ക് ഊന്നൽ നൽകുക.

2)നിർമ്മിതികൾക്ക് പ്രാധാന്യം നൽകുക.

3)വിവിധതരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കഴിവ് വളർത്തുക.

4)ഗ്രാഫുകൾ ഉപയോഗിച്ചുള്ള പ്രശ്നപരിഹാരം പ്രോത്സാഹിപ്പിക്കുക.

Scanned with OKEN Scanner

# ക്ലാസ് 10:

## പഠന ലക്ഷ്യങ്ങൾ

1)മുൻ ക്ലാസുകളിൽ പഠിച്ച ആശയങ്ങളെ ഏകീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.

2)ത്രികോണമിതി, ദ്വിമാന സമവാക്യങ്ങൾ തുടങ്ങിയ പുതിയ വിഷയങ്ങൾ പരിചയപ്പെടുത്തുക.

3)ഗണിതശാസ്ത്രപരമായ യുക്തിയും പ്രശ്നപരിഹാര ശേഷിയും പരമാവധി വർദ്ധിപ്പിക്കുക.

4)ഉന്നത പഠനത്തിനുള്ള ശക്തമായ അടിത്തറ നൽകുക.

## പഠന തന്ത്രങ്ങൾ

1) ഓരോ ആശയത്തിന്റെയും അടിസ്ഥാനം വ്യക്തമാക്കുക.

2)മാതൃകാ ചോദ്യപേപ്പറുകൾ ഉപയോഗിച്ച് പരീക്ഷാ പരിശീലനം നൽകുക.

3)മുൻവർഷങ്ങളിലെ ചോദ്യങ്ങൾ ചർച്ച ചെയ്യുക.

4)സമയബന്ധിതമായി പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രോത്സാഹിപ്പിക്കുക.

5)സാങ്കേതിക വിദ്യയുടെ സഹായം (ഓൺലൈൻ ട്യൂട്ടോറിയലുകൾ, ഗണിത സോഫ്റ്റ്‌വെയറുകൾ) പ്രയോജനപ്പെടുത്തുക.

Scanned with OKEN Scanner

# അക്കാദമിക്ക് മാസ്റ്റർപ്ലാൻ

# ഗണിതശാസ്ത്രം

# PHSS ELAPPARA

**മേഖല – ഹൈസ്കൂൾ – ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

Scanned with OKEN Scanner

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, |
| 8) ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

Scanned with OKEN Scanner

# Science

Scanned with OKEN Scanner

Scanned with OKEN Scanner

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

Scanned with OKEN Scanner

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) വൈജ്ഞാനിക ബഹിർസ്ഫുരണം: അന്വേഷണ ത്വഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | ഒഴിമാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

Scanned with OKEN Scanner

# Social Science

Scanned with OKEN Scanner
Scanned with OKEN Scanner

# Social science

## Short term and long term objectives

Curriculum Alignment: Ensure all social science courses are aligned with national or state standards, clearly outlining learning objectives and essential questions.

Resource Evaluation: Conduct a comprehensive review of current textbooks, digital resources, and supplemental materials to identify gaps and areas for improvement.

Professional Development: Provide targeted professional development opportunities for social science teachers focused on inquiry-based learning, primary source analysis, and differentiated instruction.

Assessment Design: Develop and implement a variety of formative and summative assessments that effectively measure student understanding of social science concepts and skills.

Interdisciplinary Connections: Explore and establish explicit connections between social science disciplines and other subject areas to foster holistic student learning.

Technology Integration: Integrate relevant educational technologies to enhance instruction, promote research skills, and provide interactive learning experiences in social science classrooms.

Student Engagement Strategies: Implement new strategies to increase student engagement and critical thinking in social science courses, such as simulations, debates, and community-based projects.

Data Analysis for Improvement: Establish a system for collecting and analyzing student performance data in social science to inform instructional adjustments and curriculum revisions.

Historical Thinking Skills Focus: Emphasize the development of historical thinking skills, including causation, change and continuity, context, and multiple perspectives, across all history courses.

Civic Engagement Promotion: Incorporate activities and discussions that promote active and informed civic engagement among students, linking classroom learning to real-world issues.

Scanned with OKEN Scanner

# അക്കാദമിക്ക് മാസ്റ്റർപ്ലാൻ 2025-26

## PHSS ഏലപ്പാറ

## സാമൂഹ്യ ശാസ്ത്രം

പ്രവർത്തനം : 1

പേര്: സോഷ്യൽ സയൻസ് ഡിജിറ്റൽ ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ക്ലാസ് അടിസ്ഥാനത്തിൽ കാണുവാൻ സൗകര്യപ്രദമായ രീതിയിൽ ലാപ്ടോപ്പുകളിൽ വിഷയാതിഷ്ഠിത വീഡിയോകൾ , ഇമേജ് എന്നിവ തയ്യാർ ചെയ്ത് പ്രദർശിപ്പിക്കുകയും ചെയ്യൽ. | എല്ലാ പ്രവർത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

പ്രവർത്തനം: 2

പേര്: സാമൂഹ്യ ശാസ്ത്ര കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിനെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ. | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, മാപ്പുകൾ,ഇയർബുക്കുകൾ, മോഡലുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യ ശാസ്ത്ര കോർണർ ഒരുക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം. | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

Scanned with OKEN Scanner

പ്രവർത്തനം: 3
പേര്: മോക്ക് പാർലമെന്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കാൻ | പ്രകടനപത്രിക, മീറ്റ് ദി കാൻഡിഡേറ്റ്, elctronic voting mechine വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി , സ്കൂൾ പാർലമെന്റ് | |

പ്രവർത്തനം: 4
പേര്: സാമൂഹ്യ ശാസ്ത്രലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

പ്രവർത്തനം: 5
പേര്: പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്രപ്രധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി | |

Scanned with OKEN Scanner

പ്രവർത്തനം: 6
പേര്: ക്വിസ് ക്ലബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ചും പ്രധാന ദിനചരങ്ങളെകുറിച്ചും അവബോധം സൃഷ്ടിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെക്കുറിച്ചും, പ്രധാന ദിനങ്ങളെക്കുറിച്ചും ക്വിസ് മത്സരം സംഘടിപ്പിക്കുക | മാസത്തിൽ ഒന്നുവീതം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

പ്രവർത്തനം: 7

പേര്: ദിനാചരണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രധാന ദിവസങ്ങളെ കുറിച്ച് വിവിധ പരിപാടികൾ നടത്തി അറിവ് നേടുക | പ്രധാനപ്പെട്ട വിവിധ ദിനങ്ങളെകുറിച്ചു സംവാദം,സെമിനാർ, ഡിബേറ്, പാനൽ ചർച്ച, പ്രഭാഷണം, ചാർട്ട് വർക്ക് തുടങ്ങിയവ വിവിധങ്ങളായ പ്രോഗ്രാമുകൾ സംഘടിപ്പിക്കൽ. | മാസത്തിൽ ഒന്നുവീതം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

Scanned with OKEN Scanner